(ബി) ഇതോടൊപ്പം ടൂറിസ്റ്റ് കേന്ദ്രമായ വർക്കലയിലേക്ക് നാഷണൽ ഹൈവേയിൽനിന്നുമുള്ള കല്ലമ്പലം വർക്കല റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

മെഡിക്കൽ കോളേജുകളിൽ പുതിയ വകുപ്പുകൾ സൃഷ്ടിക്കുവാനുള്ള നടപടി

47(1826) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആരോഗ്യ രംഗത്ത് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്ത് ഏതെങ്കിലും മെഡിക്കൽ കോളേജിൽ പുതിയ വകുപ്പുകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(സി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജീറിയാട്രിക്സ് വകുപ്പുകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ ആരോഗ്യ രംഗത്ത് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. ജ്ഞാന ഗോപര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള സൊസൈറ്റി.
2. തിരുവനന്തപുരത്തെ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ ഇൻസ്റ്റിറ്റ്യൂട്ടും പരിശീലനകേന്ദ്രവും.
3. മേജർ ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെർത്ത് സെന്ററുകളിലും 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലും സ്പെഷ്യാലിറ്റി നടപ്പിലാക്കാൻ നിർദ്ദേശം.
4. ക്യാൻസർ രോഗികൾക്ക് രോഗമൂർദ്ധന്യ അവസ്ഥയിൽ വേദനരഹിതമായ മരുന്നുകൾ നൽകുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിന് പുനരധിവാസ കേന്ദ്രവും.
5. അപകടങ്ങളിൽപ്പെടുന്നവരെ ചികിൽസിക്കുന്നതിന് വേണ്ടി പ്രധാനഹൈവേകളുടെ സമീപത്തുള്ള ആശുപത്രികളിൽ തീവ്രപരിചരണവിഭാഗം നടപ്പിലാക്കാൻ നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

6. മേജർ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ തുടങ്ങുവാൻ നിർദ്ദേശം.

7. മെഡിക്കൽ കോളേജ് ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സംവിധാനം ഏർപ്പെടുത്തി.

8. എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാകെയർ സംവിധാനം ആരംഭിച്ചു.

9. സി.റ്റി. സ്കാൻ സംവിധാനം ഏർപ്പെടുത്തി.

10. കോഴിക്കോട്, കോട്ടയം,മെഡിക്കൽ കോളേജുകളിൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിച്ചു.

11. ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.

12. കോഴിക്കോട് മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി, ഫിസിക്കൽ മെഡിസിൻ എന്നിവയിൽ ബിരുദാനന്തര ബിരുദകോഴ്സുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചുവരുന്നു.

13. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു.

14. തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മുളംകുന്നത്ത് കാവിൽ ഓപ്പറേഷൻ തിയേറ്ററും അത്യാഹിത വിഭാഗവും തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

15. കോട്ടയത്ത് ഡന്റൽ കോളേജ് ആരംഭിക്കുവാൻ നടപടികൾ തുടങ്ങി.

16. തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

17. വൃദ്ധ ജനങ്ങളുടെ ശുശ്രൂഷയ്ക്കായി ജീറിയാട്രിക് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

18. ആശുപത്രികളിലെ മലിന വസ്തുക്കൾ നീക്കം ചെയ്യുന്നതിനായി ലോകാരോഗ്യ സംഘടന, അനെർട്ട് എന്നിവയെ ബന്ധപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ നടപടി ആരംഭിച്ചു.

(ബി)

1. ആലപ്പുഴ മെഡിക്കൽ കോളേജിൽ വൈറോളജി ഇൻസ്റ്റ്യറ്റ്യൂട്ട്.

2. എല്ലാ മെഡിക്കൽ കോളേജിലും ട്രോമാ കെയർ യൂണിറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

3. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബ്ലഡ് സെപ്പറേഷൻ യൂണിറ്റ്.

4. കോട്ടയത്ത് ഡന്റൽ കോളേജ്.

5. തൃശ്ശൂരിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്.

6. ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഫ്രോളജി വകുപ്പ്.

7. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫോളിസ്റ്റിക് മെഡിസിൻ യൂണിറ്റും, പക്ഷാഘാത തീവ്രപരിചരണ വിഭാഗവും.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നെഫ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം

48(1831) ശ്രീ കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നെഫ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഡയാലിസിസ് ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഡയാലിസിസ് സൗകര്യം എന്നുമുതൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ മെഡിക്കൽ കോളേജിലെ നെഫ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നെഫ്റോളജി വിഭാഗത്തിൽ ഒരു അസ്സോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒരു ലക്ചറർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ലക്ചറർ തസ്തികയിലേയ്ക്ക് ഒരാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡയാലിസിസ് ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി രണ്ട് ഹീമോ ഡയാലിസിസ് യന്ത്രങ്ങൾ വാങ്ങാനുള്ള നടപടി പൂർത്തിയായിവരുന്നു.

(സി) ഡയാലിസിസ് യന്ത്രം സ്ഥാപിക്കുകയും സ്റ്റാഫിനെ നിയമിക്കുകയും ചെയ്താലുടൻതന്നെ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly